**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിൽ സൃഷ്ടിച്ച തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മികച്ചരീതിയിൽ ക്രമസമാധാനം നിലനിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയതിന്റെ പിന്നിൽ കേരളപോലീസിന്റെ പ്രവർത്തന മികവ് ഒരു കാരണമാണ് എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പോലീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകളാണ് പോലീസിന്റെ വിവിധ വിഭാഗങ്ങളിലായി സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1,472 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 813, പുനർവിന്യാസം വഴി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 434, താഴ്ന്ന തസ്തികകളിൽ നിന്നും അപ് ഗ്രേഡ് ചെയ്ത് സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 19, നിലവിലുണ്ടായിരുന്ന തസ്തിക നിർത്തലാക്കി പകരം സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 206 എന്നിങ്ങനെയാണ്. |

സെക്ഷൻ ഓഫീസർ

സംസ്ഥാനത്ത് ലഹരിമരുന്ന് കടത്തും വില്പനയും തടയുന്നതിനു വേണ്ടിയുള്ള തീവ്രയജ്ഞ പ്രവർത്തനങ്ങൾ 2025 ലും ഫലപ്രദമായി നടപ്പിലാക്കി വരുന്നു, നടപ്പുവർഷം 16.09.2025 വരെ രജിസ്റ്റർ ചെയ്ത NDPS കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Consolidated details of NDPS cases registered in the current year upto 16.09.2025 in the State | | | | | | |
|---|---|---|---|---|---|---|
| Year | No.of cases registered | No.of accused arrested | Items & Quantity seized | | | |
| | | | Ganja(Kg) | MDMA(Kg) | Hashish/ HashishOil(Kg) | Brown sugar/Heroin(Kg) |
| 2025 upto 16/09/2025 | 29384 | 31372 | 4212.408 KG | 20.299 KG | 5.434 KG | 1.294 KG |

D-Hunt ഓപ്പറേഷൻ: ലഹരി പദാർത്ഥങ്ങൾക്ക് അടിമയായവരെ പിടികൂടാനും മയക്കുമരുന്ന് കടത്ത് തടയാനുമുള്ള ഈ പ്രത്യേക ഓപ്പറേഷൻ 2023 മുതൽ നിരന്തരം നടത്തി വരുന്നു. 2025-ൽ സംസ്ഥാന വ്യാപകമായി സ്പെഷ്യൽഡ്രൈവിന്റെ ഭാഗമായി, ഓപ്പറേഷൻ ഡി ഹണ്ട് 22.02.2025 മുതൽ നടത്തുകയും, ഇപ്പോഴും അത് തുടരുകയുമാണ്. ഈ പ്രവർത്തനത്തിനിടയിൽ, സംസ്ഥാനത്തുടനീളം മയക്കുമരുന്ന് വിൽപ്പനയെ ചെറുക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലഹരിപദാർത്ഥങ്ങൾ കടത്തുന്ന ഏജന്റ്മാരായി കുട്ടികളെ ഉപയോഗിക്കുന്നത് തടയുന്നതിനായി എല്ലാ സ്കൂളുകളിലും PHQ Circular 16/2011 പ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പും 15/2025/PHQ സർക്കുലർ പ്രകാരം കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പും കോളേജ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

| School protection group & college protection groups -2025 | | |
|---|---|---|
| School Protection group | College protection group | Anti-Narcotic Club |
| 8123 | 840 | 3665 |

<u>സ്കൂൾ ഓപ്പണിംഗ് സ്പെഷ്യൽ ഡ്രൈവ്: (Operation Thattukada)</u>

29.05.2025, 30.05.2025, 31.05.2025 തീയ്യതികളിൽ വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, പൊതുകളിസ്ഥലങ്ങൾ എന്നിവയുടെ പരിസരത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുവാൻ സൂക്ഷിച്ചിട്ടുണ്ടോയെന്ന് കണ്ടെത്താൻ COTPA & NDPS Special Drive നടത്താൻ നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 5731 റെയ്ഡ് നടത്തുകയും അതുസംബന്ധിച്ച് 177 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ആയതിന്മേൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

<u>**ഇന്റർ നാഷണൽ ഡ്രഗ് ഡേ കാമ്പെയ്നുകൾ:**</u>

ലഹരിക്കെതിരെയുള്ള അവബോധം എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും **"ഇവിടെ ലഹരി വില്ക്കുന്നില്ല"** എന്ന പോസ്റ്റർ പതിക്കുകയും ലഹരിയുടെ ഉപയോഗം വേരോടെ തുടച്ചു നീക്കുന്നതിന്റെ ഭാഗമായി എല്ലാവർഷവും ജൂൺ 26 International Drug Day ആയി ആചരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി സ്കൂളുകളുടെ ആഭിമുഖ്യത്തിൽ പ്രദേശവാസികളെ ഉൾപെടുത്തി മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ **e-Pledge** നടത്തുകയും, ലഹരി വിരുദ്ധ സംവാദ സദസ്സ് സംഘടിപ്പിക്കുകയും, **"ലഹരി വിരുദ്ധ നവകേരളം"** എന്ന ആശയത്തിന്റെ പ്രചരണ ഭാഗമായി സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി എല്ലാ വീടുകളിലും ഈ സന്ദേശം എത്തിക്കുകയും ചെയ്യുന്നു.

സ്ഥിരം മയക്കുമരുന്ന് വ്യാപാരം നടത്തി ക്രൈം കേസുകളിൽപ്പെട്ട ആൾക്കാരുടെ പ്രത്യേകം പട്ടിക തയ്യാറാക്കുകയും അവരുടെ PIT NDPS, KAA(P)A, BNSS എന്നീ നിയമങ്ങളിൽ പ്രതിപാദിക്കുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. PIT NDPS പ്രകാരം 2025 വർഷം ഇതുവരെ 85 പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

കേരളത്തിൽ മയക്ക മരുന്നു കേസുകളുമായി ബന്ധപ്പെട്ട് 2025 വർഷം 74 കേസുകളിലായി മറ്റുസംസ്ഥാനങ്ങളിലെ 108 വ്യക്തികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2025 വർഷത്തിൽ ദീർഘദൂര ട്രെയിനുകളിൽ കടത്തി കൊണ്ട് വന്ന മയക്കുമരുന്നുകൾ പോലീസ് പിടിച്ചെടുത്ത് 26 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2025 വർഷത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് മയക്കുമരുന്ന് കടത്തുന്ന പ്രധാന സംഘങ്ങളെ DANSAF ടീം കണ്ടെത്തുകയും 111 കേസുകളിലായി 149 വ്യക്തികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ക്രമസമാധാനത്തിനും കുറ്റാന്വേഷണത്തിലും ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ മാറ്റിതീർക്കുന്നതിൽ സംസ്ഥാന പോലീസ് സേന വഹിക്കുന്ന പങ്ക് നിസ്തുല്യമാണ്. ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി ജില്ലകളിലെ പോലീസ് സ്റ്റേഷനുകളെ വിവിധ ജനമൈത്രി ബീറ്റുകളായി വിഭജിച്ചിട്ടുള്ളതും ബീറ്റ് ഉദ്യോഗസ്ഥർ SHO-മാർ എന്നിവരുടെ ആഭിമുഖ്യത്തിൽ ജനമൈത്രി സുരക്ഷ സമിതികളുടെ മീറ്റിങ്ങുകൾ എല്ലാ മാസവും വിളിച്ചുചേർത്ത് ക്രമസമാധാനപാലനത്തിനുള്ള മുൻകരുതൽ സ്വീകരിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികളിൽ പൗരബോധം വളർത്തി അവരെ ഉത്തമ പൗരൻമാരായി വളരുന്നതിന് പ്രചോദനമേകുവാൻ സ്റ്റുഡൻറ്

പോലീസ് കേഡറ്റ് പദ്ധതിയിലൂടെ കേരള പോലീസിന് സാധിച്ചിട്ടുള്ളതും ഈ പദ്ധതിയിലൂടെ നാളിതുവരെ 3,53,408 വിദ്യാർത്ഥികൾ പരിശീലനം സിദ്ധിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ 1048 സ്കൂളുകളിൽ എസ്.പി.സി പദ്ധതി വിജയകരമായി നടത്തി വരുന്നു. കേരള പോലീസ് ഡിജിറ്റൽ ഡി അഡിക്ഷൻ സെന്ററുകൾ വഴി മൊബൈൽ ഇൻറർനെറ്റ് എന്നിവയുടെ ദുരുപയോഗത്തിൽ നിന്നും ഓൺലൈൻ ഗെയിം അഡിക്ഷൻ എന്നിവ വഴി കുട്ടികൾക്കുണ്ടാകുന്ന മാനസിക ശാരീരിക പ്രശ്നങ്ങൾക്ക് കൗൺസിലിംഗ്, ഡി-അഡിക്ഷൻ ചികിത്സ, സൈക്കോളജിക്കൽ അസിസ്റ്റൻസ് എന്നിവ നൽകിവരുന്നു."പ്രശാന്തി"സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് വഴി മുതിർന്ന പൗരന്മാരുടെ പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ കണ്ടെത്തി വരുന്നതും, "ചിരി" ഹെൽപ്പ് ഡെസ്ക് വഴി കുട്ടികൾക്കുള്ള എല്ലാ സേവനങ്ങളും നൽകിവരുകയും ചെയ്യുന്നുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് നിഷ്കർഷിക്കുന്ന രീതിയിൽ സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ സ്പെഷ്യൽ പോലീസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുള്ളതും, കുട്ടികളുടെ സംരക്ഷണത്തിനായി 484 ലോ ആൻഡ് ഓർഡർ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ, ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ എന്നിവരെ നിയമിച്ചിട്ടുള്ളതുമാണ്. മനുഷ്യകടത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്കായി പോലീസ് ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുള്ളതാണ്. ആദിവാസി ഗോത്ര വിഭാഗങ്ങളുടെ സംരക്ഷണത്തിനായി "ട്രൈബൽ ജനമൈത്രി സുരക്ഷാ പദ്ധതി" ആരംഭിച്ചിട്ടുള്ളതും കേരളത്തിലെ 15 പോലീസ് ജില്ലകളിൽ ഈ വിഭാഗത്തിലെ ജനങ്ങൾക്ക് കൂടുതലായി അധിവസിക്കുന്ന 78 പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2025-2026 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 39 ലക്ഷം രൂപ വകയിരുത്തി ട്രൈബൽ പോലീസ് സ്റ്റേഷൻ പരിധികളിൽ അധിവസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവാക്കളെ കണ്ടെത്തി ഡ്രൈവിംഗ് പരിശീലനം നൽകുവാനും, അവർക്ക് ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി കാർഡ്, ബാങ്ക് അക്കൗണ്ട് തുടങ്ങിയ രേഖകൾ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്കും ലക്ഷ്യമിടുന്നു. റെയിൽ യാത്രക്കാരുടെ സുരക്ഷയ്ക്കായി കേരളത്തിലെ 13 ഗവൺമെന്റ് റെയിൽവെ പോലീസ് സ്റ്റേഷനുകളിൽ റെയിൽമൈത്രി പ്രോജക്ട് ആരംഭിച്ചിട്ടുള്ളതാണ്. വിവിധ സാഹചര്യങ്ങളിൽ പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തി പഠന വഴിയിൽ കൊണ്ടുവരാൻ പ്രോജക്ട് വാക്കിലൂടെ കേരള പോലീസിന് സാധിച്ചിട്ടുള്ളതാണ്. വിദ്യാലയങ്ങളിൽ കുട്ടികളുടെ സംരക്ഷണത്തിനായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, കലാലയങ്ങളിൽ അവരുടെ സംരക്ഷണത്തിനായി കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

സ്ത്രീധന ഗാർഹിക പീഡനങ്ങൾ വൈവാഹിക പ്രശ്നങ്ങൾ എന്നിവ ഫലപ്രദമായി പരിഹരിക്കുന്നതിന് വനിതാ സെല്ലുകളിൽ 42 ഫാമിലി ആൻഡ് വുമൺ കൗൺസിലിംഗ് സെന്ററുകളിൽ കൗൺസിലർമാരെയും 8 പോലീസ് ജില്ലകളിൽ നിർഭയ വോളണ്ടിയർമാരെയും നിയോഗിച്ചിട്ടുള്ളതാണ്. സ്ത്രീ ശാക്തീകരണത്തിനായി വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുള്ളതും സ്കൂളുകൾ, കോളേജുകൾ, സർക്കാർ കാര്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് 20 ലക്ഷത്തോളം വനിതകൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ക്രമസമാധാനത്തിനും കുറ്റാന്വേഷണ മേഖലയിലും മികച്ച സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കേരള പോലീസ് സേന നടത്തിവരുന്നത്.